കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

വടകര ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:ddlfakkd@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ/കെ കെ ഡി/പി.7/1636/2017

കേരള
സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

തീയതി 16.08.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വടകര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വടകര ബ്ലോക്ക് പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടകരബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസി.ഡെവലപ്മെന്റ് കമ്മീഷണർ,കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം കെ എസ് എ/കെ. കെ. ഡി/പി.7/1636/17 തിയ്യതി:16.08.2017

# കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.പി ഉണ്ണികൃഷ്ണൻ,ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.06.2017 മുതൽ 07.06.2017 വരെ<br>03.08.2017 മുതൽ 4.08.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഉണ്ണി പി കെ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജു തോമസ്,അസി.ഓഡിറ്റ് ഓഫീസർ<br>02.06.2017 മുതൽ 07.06.2017 വരെ |
| | ശ്രീ.ജയകുമാർ പാലൊളി,അസി.ഓഡിറ്റ് ഓഫീസർ<br>03.08.2017 മുതൽ 4.08.2017വരെ |
| | ശ്രീമതി.നിമ്മി സി,ഓഡിറ്റർ,(സീ.ഗ്രേ)<br>03.08.2017 മുതൽ 4.08.2017വരെ |
| | ശ്രീ.അനിൽ കുമാർ,ഓഡിറ്റർ<br>02.06.2017 മുതൽ 07.06.2017 വരെ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കോട്ടയിൽ രാധാകൃഷ്ണൻ | 1.04.2016 മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.സുരേശൻ എം | 01.04.2016. മുതൽ<br>14.06.2016 വരെ |
| | ശ്രീ അജിത് കുമാർ എം കെ (ഇൻ ചാർജ്) | 14.06.2016 മുതൽ<br>17.06.2016 വരെ |

| | | |
|---|---|---|
| | ശ്രീ.എ ഉണ്ണികൃഷ്ണൻ | 17.06.2016.മുതൽ 31.07.2016 വരെ |
| | ശ്രീ.ഗോവിന്ദൻ ടി കെ (അഡീഷണൽ ചാർജ്) | 31.07.2016. മുതൽ 30.09.2016വരെ |
| | ശ്രീ.നന്ദകുമാർ (ഇൻ ചാർജ്) | 30.09.2016മുതൽ 13.12.2016 വരെ |
| | ശ്രീ.ശശീന്ദ്രൻ പി (അഡീഷണൽ ചാർജ്) | 13.12.2016 മുതൽ 02.02.2017 വരെ |
| | ശ്രീമതി.അജിത കെ (ഇൻ ചാർജ്) | 02.02.2017 മുതൽ 31.03.2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി എക്സി.എഞ്ചിനീയർ | ശ്രീ.ഉദയൻ കെ യു | 01.04.2016 മുതൽ 31.03.2017 വരെ |
| എസ് സി ഡി ഒ | ശ്രീ.ജോൺ നൈനാൻ | 1.04.2016. മുതൽ 16.08.2016വരെ |
| എസ് .സി. ഡി. ഒ | ശ്രീ കെ കെ പ്രസാദ് | 16.08.2016 മുതൽ 31.01.2017 വരെ |
| എസ്. സി. ഡി. ഒ | ശ്രീ നസറുദ്ദീൻ | 1.02.2017 |
| എസ് .സി. ഡി. ഒ | ശ്രീമതി രമണി സി ടി | 1.02.2017 മുതൽ 31.03.2017 വരെ |
| ഡി. ഡി. ഒ | ശ്രീ ഉണ്ണികൃഷ്ണൻ എം | 1.04.2016 മുതൽ 31.03.2017 വരെ |
| എ. ഡി. എ | ശ്രീമതി ബി കെ ജയശ്രീ | 1.04.2016 മുതൽ 31.03.2017 വരെ |
| സി. ഡി. പി. ഒ | ശ്രീമതി ധന്യ ടി എൻ | 1.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.മോഹൻ എം | 1.04.2016 മുതൽ 19.07.2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ചെറിയാൻ കെ ജി | 19.07.2016 മുതൽ 31.03.2017 വരെ |
| ഐ. ഇ. ഒ | ശ്രീ.ഗംഗാധരൻ പി കെ | 1.04.2016 മുതൽ 31.03.2017 വരെ |

## ഉള്ളടക്കം

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2 -വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 1 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 2 | ഉടമ്പടി പ്രകാരം നിശ്ചയിച്ച വാടക ഈടാക്കുന്നില്ല. | 2-2 |
| | ഭാഗം 3ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 1 | വനിത ഗ്രൂപ്പ് -വിഷരഹിത പച്ചക്കറി കൃഷി- കൂലി ചെലവ് സബ്സിഡി അധികം നൽകി. | 3-1 |
| 2 | വനിത ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് – ധനവിനിയോഗ അപാകതകൾ | 3-2 |
| 3 | ഒരേ പ്രവൃത്തിയ്ക്ക് രണ്ട് തൻവർഷ പ്രൊജക്ടുകൾ | 3-3 |
| 4 | പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ- അപാകതകൾ | 3-4 |

| | | |
|---|---|---|
| 5 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-5 |
| 6 | സി.എച്ച്.സി. വാർഷിക കണക്കുകൾ സമർപ്പിച്ചിട്ടില്ല. | 3-6 |
| 7 | ഭവനനിർമ്മാണം- പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ | 3-7 |
| 8 | കേരളോത്സവം പദ്ധതി നടത്തിപ്പിൽ അപാകതകൾ | 3-8 |
| | ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 20.03.2017 തിയതിയിലെ 01/2016-17 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 20.07.2017 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 03.08.2017 | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10943660 |
| വരവ് | 20788941 |
| ആകെ | 31732601 |
| ചെലവ് | 22399253 |
| നീക്കിയിരിപ്പ് | 9333348 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15190524 | 15190524 | 10554755 | 4635769 | |
| വികസനഫണ്ട് എസ്.സി.പി. | 0 | 1761771 | 1761771 | 855625 | 906146 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 19050 | 19050 | 19050 | | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2367552 | 2367552 | 1424901 | 942651 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 48 | | 26 | | 11 | 11 | 54 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| നികുതിയേതര വരവുകൾ | 343540 | 291173 | 52367 | -15% |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.08.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33,180/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ, തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.04.2017 | 10/16 മുതൽ 3/17 വരെ | 109/DPA 1/15/KKD/17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2002 മുതൽ 2005 വരെ | LAB/HQ/I/Prog/05-06 /LAX/607 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റിന് സമർപ്പിച്ച 2016-17 വാർഷികകണക്കിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-വാർഷികകണക്ക് RP-40(b) പ്രകാരം BPFA-1അക്കൗണ്ടിൽ 89166 രൂപ ബാലൻസ് ഉണ്ട്. എന്നാൽ ട്രഷറി പാസ്സ് ബുക്ക് പ്രകാരം അക്കൗണ്ടിൽ ബാലൻസ് ഇല്ല.

2-തൻവർഷം അഡ്വാൻസ് രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

3-2016-17 വർഷ ബജറ്റ് ഫങ്ഷൻ ഫങ്ഷണറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിരിക്കുന്നത്.

3- ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കി മൂല്യനിർണ്ണയതുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ വാറ്റ് , ഐടി,ക്ഷേമനിധി വിഹിതം എന്നിവ അടവാക്കിയത് വാർഷികകണക്കിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 ഉടമ്പടി പ്രകാരം നിശ്ചയിച്ച വാടക ഈടാക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള എസ്.ജി എസ്.വൈ വിപണന കേന്ദ്രത്തിലെ എല്ലാ മുറികളും പുതുതായി നിർമ്മിച്ച അടുക്കളയും ഫിഷറീസ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റന്റ് ഫിഷർ വുമൺ എന്ന പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്ത സംഗമം ആക്ടിവിറ്റി ഗ്രൂപ്പിന് സീഫുഡ് കിച്ചൺ നടത്തിപ്പിന് വാടകയ്ക്ക് നൽകി.30-7-2016 ലെ 24/2016-17 ഉടമ്പടി പ്രകാരം പ്രതിമാസ വാടക 2250 /-രൂപ നിശ്ചയിച്ചു. മേൽ ഉടമ്പടി പ്രകാരം പ്രവർത്തന പുരോഗതി അനുസരിച്ചും വരുമാന വർദ്ധനവ് അനുസരിച്ചും ഓരോ ആറുമാസം കൂടുംതോറും വാടക പുതുക്കി നിശ്ചയിക്കേണ്ടതാണ്.എന്നാൽ തൻവർഷം മുഴുവനായും വാടക ഈടാക്കിയത് 2250/- രൂപയാണ്.കൂടാതെ 1/2017 മുതൽ 7/2017 വരെയുള്ള വാടക 1-8-17 നാണ് അടവാക്കിയത്. ഏഴ് മാസത്തേക്ക് മൊത്തം 15750/- രൂപയാണ് വാങ്ങിയത്. യാതൊരുവിധ മാറ്റവും വാടകയിൽ വന്നിട്ടില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വനിത ഗ്രൂപ്പ് -വിഷരഹിത പച്ചക്കറി കൃഷി-കൂലിചെലവ് സബ്സിഡി അധികം നൽകി

കൃഷി അസി.ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥനായി 2016-17 ൽ നടപ്പാക്കിയ വനിത ഗ്രൂപ്പ് -വിഷരഹിത പച്ചക്കറി കൃഷി (പ്രോ.28/17)എന്ന പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന നാല് പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന 42 ഗ്രൂപ്പുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് വിത്ത്,ജൈവവളം ,കൂലി ചെലവ് എന്നിവ നൽകിയിട്ടുണ്ട്.11.01.2016 ലെ ജി ഒ(എം എസ്)4/16 പ്രകാരമുള്ള 2016-17 മുതൽ ബാധകമായ മാർഗരേഖ പ്രകാരം ഒരു ഹെക്ടറിന് പരമാവധി 10,000/- രൂപ മാത്രമാണ് പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡിയായി അനുവദിക്കാമെന്നും സ്ഥല വിസ്തൃതി കുറവാണെങ്കിൽ ആനുപാതികമായി തുക നൽകാനുമാണ് പറയുന്നതെങ്കിലും മേൽ പരാമർശിച്ച പദ്ധതി നടപ്പാക്കിയപ്പോൾ കൃഷി ചെയ്ത സ്ഥലത്തിന് ആനുപാതികമായി കൂലി ചെലവ് അനുവദിക്കുന്നതിന് പകരം ഓരോ ഗ്രൂപ്പിനും നിശ്ചിത തുക വീതം നൽകിയതു വഴി 35520 രൂപ അർഹമായതിലധികമായി അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ കാണുന്നു .

ബിൽ നം .1/16-17 തീയതി-25.03.2017,തുക-1,48,000/-

| നം | പേര് | സ്ഥല വിസ്തീർണം | ആകെ കൂലി ചെലവ് | നൽകിയ സബ്സിഡി | അർഹമായ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1 | മിനി വിജയൻ | 25 | 4000 | 2000 | 1000 | 1000 |
| 2 | പുഷ്പ കെ ടി | 25 | 4000 | 2000 | 1000 | 1000 |
| 3 | വസന്ത പി കെ | 25 | 4000 | 2000 | 1000 | 1000 |

| | | | | | | |
|---|---|---|---|---|---|---|
| 4 | വിജിഷ നടുവിലെക്കണ്ടി | 25 | 4000 | 2000 | 1000 | 1000 |
| 5 | വിമല കലത്തിൽ | 25 | 4000 | 2000 | 1000 | 1000 |
| 6 | ഗീത,മീത്തലെ മലയിൽ | 25 | 4000 | 2000 | 1000 | 1000 |
| 7 | വിനീത,എടക്കുടി | 25 | 4000 | 2000 | 1000 | 1000 |
| 8 | അനിത മീത്തലെ പരോൾ | 25 | 4000 | 2000 | 1000 | 1000 |
| 9 | ശ്രീജ,പാറക്കൽ | 25 | 4000 | 2000 | 1000 | 1000 |
| 10 | തങ്കമണി | 25 | 4000 | 2000 | 1000 | 1000 |
| 11 | സുമിന,ശ്രീനിധി | 25 | 4000 | 2000 | 1000 | 1000 |

ബിൽ നം-2/16-17 തീയതി-25.03.2017 തുക-201875

| നം | പേര് | സ്ഥല വിസ്തീർണം | ആകെ കൂലി ചെലവ് | നൽകിയ സബ്സിഡി | അർഹമായ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 12 | അജിത ടി | 28 | 9000 | 2000 | 1120 | 880 |
| 13 | ഉഷ പി | 25 | 4000 | 2000 | 1000 | 1000 |
| 14 | ബിന്ദു ടി കെ | 43 | 4000 | 2000 | 1720 | 280 |
| 15 | ഗീത കെ കെ | 48 | 5000 | 2000 | 1920 | 80 |
| 16 | പ്രീതിക കെ | 43 | 4000 | 2000 | 1720 | 280 |
| 17 | ശോഭ കുന്നത്ത് മീത്തൽ | 74 | 4000 | 2000 | 2000 | -- |
| 18 | പ്രസീത | 12.5 | 4000 | 1000 | 500 | 500 |
| 19 | ജയവല്ലി | 12.5 | 4000 | 1000 | 500 | 500 |
| 20 | വസന്ത | 25 | 4000 | 2000 | 1000 | 1000 |
| 21 | രാധ | 12.5 | 4000 | 1000 | 500 | 500 |
| 22 | ബീന | 25 | 4000 | 2000 | 1000 | 1000 |
| 23 | സരസ | 12.5 | 4000 | 1000 | 500 | 500 |

| | | | | | | |
|---|---|---|---|---|---|---|
| 24 | പ്രഭാവതി | 25 | 4000 | 2000 | 1000 | 1000 |
| 25 | രജില | 25 | 4000 | 2000 | 1000 | 1000 |
| 26 | നളിനി | 25 | 4000 | 2000 | 1000 | 1000 |
| 27 | ഷീജ | 25 | 8800 | 2000 | 1000 | 1000 |
| 28 | രാജി | 12.5 | 4000 | 1000 | 500 | 500 |

ബിൽ നം-3/16-17,തീയതി-30.03.2017,തുക-155750/-

| നം | പേര് | സ്ഥല വിസ്തീർണം | ആകെ കൂലി ചെലവ് | നൽകിയ സബ്സിഡി | അർഹമായ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 29 | സിന്ധു | 25 | 4000 | 1000 | 500 | 500 |
| 30 | രജിത | 25 | 4000 | 2000 | 1000 | 1000 |
| 31 | സുമതി | 25 | 4000 | 2000 | 1000 | 1000 |
| 32 | മോളി | 25 | 4000 | 2000 | 1000 | 1000 |
| 33 | ശാന്ത | 25 | 4000 | 2000 | 1000 | 1000 |
| 34 | ഇന്ദിര | 25 | 4000 | 2000 | 1000 | 1000 |
| 35 | തളിർ സംഘകൃഷി | 25 | 4000 | 2000 | 1000 | 1000 |
| 36 | രൂപ ചിറക്കൽ | 25 | 4000 | 2000 | 1000 | 1000 |
| 37 | സുശീല | 25 | 4000 | 2000 | 1000 | 1000 |
| 38 | നാരായണി | 25 | 4000 | 2000 | 1000 | 1000 |
| 39 | കുഞ്ഞാമി | 25 | 4000 | 2000 | 1000 | 1000 |
| 40 | അഞ്ജു | 25 | 4000 | 2000 | 1000 | 1000 |

ബിൽ നം-6/16-17,തീയതി-31.03.2017 തുക-24250/-

| നം | പേര് | സ്ഥല വിസ്തീർണം | ആകെ കൂലി ചെലവ് | നൽകിയ സബ്സിഡി | അർഹമായ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 41 | വനജ | 25 | 4000 | 2000 | 1000 | 1000 |
| 42 | സിന്ധു | 25 | 4000 | 2000 | 1000 | 1000 |

| | | |
|---|---|---|
| | | 35520/- |

അധികതുക തിരികെ ഈടാക്കേണ്ടതാണ്.

## 3-2 വനിത ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് - ധനവിനിയോഗ അപാകതകൾ

പ്രൊജക്റ്റ് നം. 14/17

നിർവ്വഹണം - ബ്ലോക്ക് ക്ഷീരവികസന ഓഫീസർ.

ബ്ലോക്ക് പഞ്ചായത്തിലെ 2016-17 വർഷം വനിതാ ക്ഷീരകർഷകർക്കായി മിൽക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതിയാണിത്. ആയതിന് ബ്ലോക്ക് പഞ്ചായത്ത് 8 ലക്ഷം രൂപ ബിൽ നം. 1/16-17 തിയ്യതി 13.3.2017 പ്രകാരം അനുവദിച്ചു. സംയുക്ത പ്രൊജക്ടായി വിഭാവനം ചെയ്തിട്ടുള്ളതാണെങ്കിലും ചോറോട്, ഒഞ്ചിയം ഗ്രാമപഞ്ചായത്തുകൾക്ക് സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് ഇല്ലാത്തതിനാലും ലഭിക്കുന്ന ഫണ്ടിന് സാംഖ്യയിൽ രശീതി നൽകാൻ കഴിയാത്തതിനാലും ഫണ്ട് കൈപ്പറ്റുന്നതിന് നിർവ്വാഹമില്ല എന്നറിയിച്ചു. ഏറാമല ഗ്രാമപഞ്ചായത്തിൽ സംയുക്ത പ്രൊജക്ടായി ഫണ്ട് വകയിരുത്തിയിട്ടില്ല. ബ്ലോക്കിൽ നിലവിൽ ഡയറിഫാം ഇല്ലാത്തതിനാലും ഫണ്ട് സ്വീകരിക്കാൻ പഞ്ചായത്തുകൾക്ക് നിർവ്വാഹമില്ല എന്നറിയിച്ചതിനാലും ബ്ലോക്ക് പഞ്ചായത്ത് സബ്സിഡി തുക ബ്ലോക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ ക്ഷീരവികസന ഓഫീസർ ക്ഷീരസംഘങ്ങൾക്ക് നൽകുന്നു. ഈ സബ്സിഡി തുക ക്ഷീരസംഘം സെക്രട്ടറിമാർ ബന്ധപ്പെട്ട കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകും. മേൽ പദ്ധതി ഫയലുകളുടെ പരിശോധനയിൽ വകയിരുത്തിയ തുകയിൽ 620000 രൂപ വെള്ളിക്കുളങ്ങര ക്ഷീര സഹകരണസംഘം വനിതാ കർഷകർക്ക് നൽകിയതായി കണ്ടു. 174000 രൂപ ചോറോട് ക്ഷീരസഹകരണസംഘം വനിതാ കർഷകർക്ക് നൽകി. എന്നാൽ അവശേഷിക്കുന്ന 6000 രൂപ ആർക്ക് നൽകി എന്ന് വ്യക്തമാക്കുന്ന രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ പ്രസ്തുത തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 ഒരേ പ്രവൃത്തിയ്ക്ക് രണ്ട് തൻവർഷ പ്രൊജക്ടുകൾ.

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം ഒന്നാം നില നിർമ്മാണം ( അടങ്കൽ 2024337) പ്രൊജക്റ്റ് നം. 22/17 എന്ന പേരിലും ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിടം പൂർത്തീകരണം (അടങ്കൽ 2030338) പ്രൊജക്റ്റ് നം. 48/2017 എന്ന പേരിലും 2 പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുകയുണ്ടായി. ഈ രണ്ട് പ്രവൃത്തികളും ബ്ലോക്ക് പഞ്ചായത്തിന്റെ ഒന്നാം നിലയുമായി ബന്ധപ്പെട്ടുള്ളതാണ്. രണ്ട് പ്രവൃത്തികളും ഏറ്റെടുത്തിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയാണ്. ഒരു കെട്ടിടത്തിന്റെ തൊട്ടു ചേർന്നുള്ള പ്രവൃത്തികൾ ഒരുമിച്ച്ചെയ്യാതെ ഒരേ വർഷം രണ്ട് വ്യത്യസ്ത പ്രവൃത്തികളായി ഒരേ കരാറുകാരന് നൽകിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 3-4 പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ - അപാകതകൾ

പ്രൊജക്റ്റ് നമ്പർ 33/16 ആയി 2015-16 ൽ പ്രവൃത്തി ആരംഭിച്ച മഠത്തിൽ മുക്ക്- വടേക്കണ്ടി മുക്ക് റോഡ് പ്രവൃത്തി എഗ്രിമെന്റ് (നം. 5/15-16, തിയ്യതി 10.12.2015) പ്രകാരം 9.4.16 ൽ പൂർത്തിയാക്കേണ്ടതായിരുന്നുവെങ്കിലും 3.6.2016 ന് മാത്രമാണ് പൂർത്തിയാക്കിയത്. പൂർത്തീകരണത്തിന് രണ്ട് മാസം കൂടുതൽ ആവശ്യപ്പെട്ട് കരാറുകാരനായ ഊരാളുങ്കൽ സൊസൈറ്റി കത്ത് നൽകിയതായും അതിനാൽ 10.6.2016 വരെ പിഴയില്ലാതെ സമയം ദീർഘിപ്പിച്ച് നൽകണമെന്ന ശുപാർശയോടുകൂടി പ്രവൃത്തി പൂർത്തീകരിച്ച് ഏകദേശം 7 മാസത്തിനു ശേഷം 4.1.2017 ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എക്സി. എഞ്ചിനീയർ സൊസൈറ്റിയുടെ കത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറുകയും ചെയ്തു. (സൊസൈറ്റിയുടെ അപേക്ഷ

ഫയലിൽ ഇല്ല.) ഈ കത്ത് കൈമാറുന്നതിനും മുമ്പ് 23.12.2016 ൽ തന്നെ ഭരണസമിതി എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നൽകാൻ തീരുമാനമെടുത്തതായും കാണുന്നു. ( തീരുമാനം നം. 52/16-17 (6). മേൽ പറഞ്ഞ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതോടൊപ്പം സൊസൈറ്റി സമർപ്പിച്ച അപേക്ഷയും ഹാജരാക്കേണ്ടതാണ്

## 3-5 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രൊജക്ട് - 27/17

അടങ്കൽ - 848650

ചെലവ് - 848650

2016-17 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തും ഏറാമല ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കിയ വയോജനങ്ങൾക്ക് റിക്രിയേഷൻ ക്ലബ് എന്ന പ്രൊജക്ട് പ്രകാരം 848650 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക്0002095 നമ്പർ പ്രകാരം കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-6 സി.എച്ച്.സി. വാർഷിക കണക്കുകൾ സമർപ്പിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172 പ്രകാരം പഞ്ചായത്തിലെ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽപെട്ടതാണ്. 2010 ലെ കേരള പഞ്ചായത്ത് രാജ്
(പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യസ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വിഭാഗമാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4(2) , 9(1) പ്രകാരം ഒരു സാമ്പത്തികവർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സി.എച്ച്.സികളിൽ മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. എച്ച്.എം.സി.കളുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകേണ്ടതാണ്.

## 3-7 ഭവനനിർമ്മാണം - പദ്ധതിനിർവ്വഹണത്തിലെ വീഴ്ചകൾ.

ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന ഐ.എ.വൈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ, രേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | കൈപ്പറ്റിയ തുക | അവസാന ഗഡു തിയ്യതി |
|---|---|---|---|---|---|
| 1 | 2012-13 | കൃഷ്ണകുമാരി.കെ.എസ് | 200000 | 195150 | 14.3.17 |
| 2 | 2013-14 | ധന്യ.കെ.കെ | 200000 | 119500 | 28.8.14 |
| 3 | 2014-15 | മിനി.എ | 200000 | 189500 | 14.3.17 |
| 4 | 2014-15 | റസീന കുറ്റിവയൽ | 200000 | 20000 | 9.11.15 |
| 5 | 2014-15 | കെ.സാറ | 200000 | 17500 | 6.2.15 |
| 6 | 2015-16 | അഫ്സത്ത് | 200000 | 189500 | 21.2.17 |
| 7 | 2015-16 | അഹിറ | 200000 | 189500 | 18.4.17 |

| | | | | | |
|---|---|---|---|---|---|
| 8 | 2015-16 | അയിഷ | 200000 | 119500 | 14.3.17 |
| 9 | 2015-16 | വിനിഷ | 300000<br>ഐ.എ.വൈ. എസ്.സി. | 489500 | 17.3.17 |

2. ആദ്യഗഡു കൈപ്പറ്റി വീട് നിർമ്മാണം ആരംഭിക്കാൻ കഴിയാതെ തിരിച്ചടക്കുന്നു. ശരിയായ ആസൂത്രണത്തിന്റെ അഭാവം മൂലമാണിത്.

1. 2012-13 വർഷം ശ്രീമതി ബേബി.സി മാടക്കുനി 12.4.13 ന് 24250 രൂപ കൈപ്പറ്റുകയും ഭവനനിർമ്മാണം അസാധ്യമായപ്പോൾ 10356 രൂപ പലിശ സഹിതം 34606 രൂപ തിരിച്ചടക്കുകയും ചെയ്തു.

2. 203-14 ൽ എസ്.സി. ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയ ശ്രീമതി. ബിജില 24250 രൂപ 25.9.13 ന് ആദ്യഗഡു ഇനത്തിൽ കൈപ്പറ്റി. ഭവനനിർമ്മാണം സാധ്യമല്ലാതായപ്പോൾ 16.12.2013 ന് പ്രസ്തുത തുക തിരിച്ചടച്ചു.

3. 2015-16 ൽ കദീശ നടുക്കണ്ടിയിൽ 17500 രൂപ 19.11.2015 ന് കൈപ്പറ്റി. എന്നാൽ പിന്നീട് തിരിച്ചടച്ചു.

4. ഗുണഭോക്താക്കൾ സമർപ്പിച്ച ഉടമ്പടി പത്രത്തിൽ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന്റെ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഇതരസമുദായത്തിൽ പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ച നൽകിക്കൊണ്ട് അവരുടെ പാർപ്പിട പ്രശ്നത്തിന് സ്ഥിരമായ പരിഹാരം കാണുകയാണ് പദ്ധതി ലക്ഷ്യം. എന്നാൽ വീട് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ഈ ലക്ഷ്യം നേടാൻ കാലതാമസം എടുക്കുന്നുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 3-8 കേരളോത്സവം പദ്ധതി നടത്തിപ്പിൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പ്രൊജക്ട് നം. - എസ്.0003/17

തൻവർഷം കേരളോത്സവത്തിനായി 162993 രൂപ ചെലവഴിച്ച പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ധനവിനിയോഗത്തിൽ താഴെപ്പറയും പ്രകാരം അപാകത കണ്ടു. ജി.ഒ. (ആർ.ടി.) 1771/14 തസ്വഭവ. 10.07.2014 ലെ ഉത്തരവ് പ്രകാരം 100000 രൂപയാണ് ബ്ലോക്ക് പഞ്ചായത്തിന് കേരളോത്സവത്തിന് ചെലവഴിക്കാവുന്ന തുക. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം. ഇ-255/(03) തിയ്യതി 10.01.2017 പ്രകാരം 1 ലക്ഷം രൂപയ്ക്ക് പുറമെ 3000 രൂപ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും ബാക്കി തുകയായ 32793 രൂപ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുമെന്നും പറയുന്നു. എന്നാൽ 32993 രൂപ സ്പോൺസർഷിപ്പിലൂടെ കണ്ടെത്തിയ യാതൊരു രേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കേരളോത്സവത്തിനാവശ്യമായ സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത് അക്ഷര സ്പോർട്സ് ഗിഫ്റ്റ് എന്ന സ്ഥാപനത്തിൽ നിന്നാണ്. ജി.ഒ. (പി) 259/2010 തസ്വഭവ 8.11.2010 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കാനുള്ള മാർഗ്ഗരേഖ പ്രകാരം 5000 ന് മുകളിൽ സാധനങ്ങൾ വാങ്ങുമ്പോൾ കുറഞ്ഞത് 3 ക്വട്ടേഷനുകൾ സ്വീകരിക്കണം. എന്നാൽ 19273 രൂപയുടെ സ്പോർട്സ് & ഗിഫ്റ്റ് സാധനങ്ങൾ മേൽപറഞ്ഞ സ്ഥാപനത്തിൽ നിന്നും കേരളോത്സവത്തിന് വാങ്ങിയിട്ടുണ്ടെങ്കിലും മേൽ ഉത്തരവ് പ്രകാരമുള്ള യാതൊരു നിബന്ധകളും പാലിച്ചിട്ടില്ല.അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2016-17 | 1296540 | PMAY | 1389035 | 662687 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 1527140 | PMAY | 1300250 | 336154 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ബ്ലോക്ക് പഞ്ചായത്തിൽ സ്ഥിര നിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

2016-17 വർഷത്തിൽ ഓഡിറ്റ് റിക്കവറി തുക ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 8 | 2004-05 | | സാനിട്ടറി മാർട്ട് തുടങ്ങിയില്ല. 3 ലക്ഷം ഗുണഭോക്തൃ സമിതിയുടെ കൈവശം | |
| 2003-04 | 3-1<br>3-7<br>3-3, 3-4 | 2005-06<br>2005-06<br>2005-06 | | വനിതാ വ്യവസായ എസ്റ്റേറ്റ് - സാങ്കേതികനിർദ്ദേശം പാലിക്കുന്നില്ല.<br>പട്ടികജാതിവനിതകൾക്ക് ഇലക്ട്രോണിക്ക്പ്രവൃത്തിയിൽ പരിശീലനം<br>ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. | |
| 2004-05 | 3-3 | 2006-07 | | നൊച്ചാട്ടുതാഴം വെങ്ങോളിതാഴം റോഡ് പരിഷ്കരണം - അധികം | |

| | | | | | |
|---|---|---|---|---|---|
| | | | | ടാർ നൽകി | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 20788941 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 22399253 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35520 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 35520 | ശ്രീമതി.ജയശ്രീ.ബി.കെ,കൃഷി അസി. ഡയറക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 6000 | ശ്രീമതി.ജയശ്രീ,കൃഷി അസി. ഡയറക്ടർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(1) തിയതി 4-11-14 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(8) തിയതി 11-12-14 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി(പി7)1542/14(6) തിയതി 17-10-11 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി(പി7) 1422/13 തിയതി 19-11-13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി(പി7)1542/11(8) തിയതി 24-2-12 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(5) തിയതി 4-11-14 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(6) തിയതി 5-11-14 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി(എസ്1)236/10(2) തിയതി 18-06-12 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(7)തിയതി 06-11-14 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി(പി7)1533/14(9)<br>തിയതി 06-11-14 |

| | |
|---|---|
| 2011-12<br>2012-13 | എൽ.എഫ്.കെ.കെ.ഡി(പി7)1769/13(1) തിയതി 11-07-14 |
| 2013-14 | എൽ.എഫ്.കെ.കെ.ഡി(പി7) 2080/14 തിയതി 09.03.2015 |
| 2014-15<br>2015-16 | കെ.എസ്.എ.കെ.കെ.ഡി. പി.7/412/17 |

ജോയിന്റ് ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ കെ.കെ.ഡി-പി7/1636/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി 16.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടകര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

No. KSA KKD/P7/1636/2017

Kerala State Audit Department,

District Audit Office,Civil station, Kozhikode

Phone:04952371012

Email:- dokkd.ksad.kerala.gov.in

Dated:16.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Vadakara Block Panchayat in Kozhikode District for the year ended on 31-03-2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statement of Vadakara Block Panchayat for the year 2016-17 except the observations in My audit report properly presents the picuture of income and expenditure.

Joint Director
KERALA STATE AUDIT DEPARTMENT.